**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ (എ&റ്റി) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം നഴ്സിംഗ് ഓഫീസർ തസ്തികയിൽ നിന്നും നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകികൊണ്ടും /ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.25-05-2023 തീയതിയിലെ ഇ.എസ്3- 1041/2022 നം ഉത്തരവ്

14-11-24 തീയതിയിലെ **ആവഡ/5568/2023/ഇ6** നം ഉത്തരവ്

**ഉത്തരവ് നം: ആവഡ/5568/2023/ഇ6 തീയതി:** 21-11-2024

---

പരാമർശം (1) ഉത്തരവ് പ്രകാരം നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചുകൊണ്ട് നിലവിലെ നഴ്സിംഗ് ഓഫീസർ ഒഴിവിലേക്ക് 41300-87000 ശമ്പളസ്കെയിലിൽ താഴെ വിവരിക്കും പ്രകാരം നഴ്സിംഗ് ഓഫീസർ തസ്തികയിൽ നിന്നും നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു .

| SL NO | Rank NO | Pen No | Name | Present Institution | Promoted and Transfered to | Remarks |
|---|---|---|---|---|---|---|
| 1 | 20 A | 953159 | LINCY CHACKO | THQH Cherthala Alappuzha | Alappuzha | |
| 2 | 2047 | 799876 | ANURANI M. | CHC Ullanadu Kottayam | Kottayam | |
| 3 | 2048 | 796816 | SOUMYA KRISHNAN | FHC Ayyampilly Ernakulam | Kottayam | |
| 4 | 2049 | 798440 | BINI RESMI P H | TH Feroke Kozhikode | Wayanad | |
| 5 | 2050 | 798958 | ARUNKUMAR. K A. | District Hospital ,Wadakkancherry Thrissur | Pathanamthitta | |
| 6 | 2051 | 798702 | JYOLSNA GEORGE | PHC Changaroth Kozhikode | Thiruvananthapuram | |
| | | | | CHC Muhamma | | |

| | | | | | | |
|---|---|---|---|---|---|---|
| 7 | 2052 | 801104 | NISHA.D | Alappuzha | Pathanamthitta | |
| 8 | 2053 | 798656 | SEETHU THAMPI | TH Kuttiadi Kozhikode | Thiruvananthapuram | |
| 9 | 2054 | 803789 | REMYA R RAVEENDRAN | CHC Champakulam Alappuzha | Pathanamthitta | |

ഉപതെരഞ്ഞെടുപ്പിന്റെ പെരുമാറ്റചട്ടം നിലനിൾക്കുന്നതിനാൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയറായ ജിവനക്കാരുടെ അപേക്ഷകൾ പരിഗണിക്കുവാൻ നിലവിൽ സാധിക്കുകയില്ല നഴ്സിംഗ് ഓഫീസർ തസ്തികയിലെ പി. എസ്. സി റാങ്ക് ലിസ്റ്റ് നവംബർ മാസം മുതൽ അവസാനിക്കുകയാണ്. ആയതിനാൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കാതെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 സീനിയോറിറ്റി പട്ടികയിൽ അടുത്തതായുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി പട്ടികയിൽ ഉൾപ്പെടുത്തി നിലവിൽ ഒഴിവുള്ള ജില്ലകളിൽ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സ്ഥാനക്കയറ്റപട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അതാതു ജില്ലകളിലേക്കുള്ള നിയമനം താത്കാലികമായിരിക്കും. ഉപ തെരെഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം അവസാനിക്കുമ്പോൾ സീനിയർ ആയ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ചു സ്ഥലം മാറ്റം അനുവദിക്കുമ്പോൾ ആവശ്യമെങ്കിൽ ടി സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ച സ്ഥാപനം പുനഃക്രമീകരിക്കുന്നതാണ്. ആയതിനാൽ ടി പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അവർക്കു നിലവിൽ അനുവദിച്ചിട്ടുള്ള ജില്ലയിൽ തുടരണമെന്ന അവകാശ വാദം ഉന്നയിക്കാൻ കഴിയുന്നതല്ല.

2024 വർഷത്തിലെ നഴ്സിംഗ് ഓഫീസർ തസ്തികയിലെ അന്തർജില്ലാസ്ഥലം മാറ്റം കഴിഞ്ഞതിനാലും നഴ്സിംഗ്ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റ് അവസാനിക്കുന്ന സാഹചര്യം പരിഗണിച്ചുകൊണ്ടും പ്രസ്തുത സ്ഥാനകയറ്റം മുഖേനഉണ്ടാകുന്ന എല്ലാ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനകയറ്റ ഉത്തരവിലെ ക്രമനം.110 റാങ്ക് നം 2005 ശ്രീമതി.രമ്യതോമസിനെ കണ്ണൂർ ജില്ലയിൽ നിന്നും വയനാട് ജില്ലയിലേക്ക് സ്ഥാനകയറ്റത്തോടൊപ്പം സ്ഥലംമാറ്റം നൽകിയിരുന്നു എന്നാൽ നിലവിൽ കണ്ണൂർ ജില്ലയിൽ ഒഴിവ് ഉള്ളതിനാൽ ശ്രീമതി.രമ്യതോമസിനെ കണ്ണൂർ ജില്ലയിൽ നിലനിർത്തി ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനകയറ്റ ഉത്തരവിലെ ക്രമനം.27 റാങ്ക് നം 1912 ശ്രീമതി.മിനു .പി.ജെ നിലവിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതിനാലും,ക്രമ നം 71 റാങ്ക് നം. 1961 ശ്രീമതി.പ്രിൽവി .കെ.പി ദീർഘകാല ശൂന്യവേതനാവധിയിൽ തുടരുന്നതിനാലും ടി ജീവനക്കാരെ പ്രസ്തുത സ്ഥാനകയറ്റത്തിൽ നിന്നും റദ്ദ് ചെയ്ത് ഉത്തരവാകുന്നു. .

പരാമർശം 2 ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

പരാമർശം 2 ഉത്തരവിൽ ജനനതീയതി തെറ്റായി രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരം തിരുത്തി ഉത്തരവാകുന്നു.

| ക്രമ നം | പരാമർശം 2ഉത്തരവിലെ ക്രമ നം | പേര് | പരാമർശം 2 ഉത്തരവിൽ തെറ്റായി രേഖപ്പെടുത്തിയത് | തെറ്റ് തിരുത്തികൊണ്ടുള്ളത് |
|---|---|---|---|---|
| 1 | 1 | SANDHYA KUMARAPPALLIL | 21-02-2904 | 02-03-1975 |
| 2 | 4 | REHIMATHU BEEVI A | 27-05-1947 | 27-05-1974 |

ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി ജീവനക്കാർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതും നിയമന ഉത്തരവ് ലഭിച്ചതിനുശേഷം മാത്രം സ്ഥാപന മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതുമാണ് .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. ജീവനക്കാർ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് .

Signed by Jayasree V
Date: 21-11-2024 13:20:50

അഡീഷണൽ ഡയറക്ടർ(എ&റ്റി)

സ്വീകർത്താവ്:-

1) ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്